ഭേദകരമായിട്ടുള്ളതാണ്. അതായത് ആ കുട്ടി തോറ്റിരിക്കുന്നു, ഫീസ് അടയ്ക്കണം എന്നുള്ളതായിരുന്നു. ഇതിനുത്തരവാദികളായ ആളുകളുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നുള്ളതിന് നമ്മുടെ സർവ്വകലാശാല യുടെ പ്രവർത്തനം പോലും സ്തംഭിപ്പിക്കുന്നതിന് അവിടത്തെ ആളുകൾ മുമ്പോട്ടു വന്നു എന്നുള്ളത് നാം വിസ്മരിക്കുവാൻ പാടില്ല. സമൂഹത്തിന് ഉപകാരപ്രദമല്ലാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ നട ത്തുമ്പോൾ അത് തിരിച്ചുവിടുന്നതിന് ഗവൺമെൻറിന് കഴിയുന്നി ല്ലെങ്കിൽ ആ ഓട്ടോണമി വകവച്ചുകൊടുക്കുവാൻ പാടില്ല. സർവ്വകലാ ശാലകളിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന ഈ രീതിയിലുള്ള പ്രവർത്തന ങ്ങളെ ഒന്നു തുടച്ചുമാറ്റി അതൊന്നു വൃത്തിയാക്കണമെങ്കിൽ നിശ്ചയ മായും ഈ ഗവൺമെൻറിന് കുറേയൊക്കെ പ്രവർത്തിക്കുവാൻ കഴിയണം.

കഴിഞ്ഞദിവസം ശ്രീ. ദേവസ്സിക്കുട്ടി വളരെയേറെ കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വ്യക്തമായി ചില നിയമങ്ങൾ ഉണ്ടായിരുന്നിട്ടുപോലും, വ്യക്തമായ ധാരണകളുണ്ടായിരുന്നിട്ടുപോലും അതൊക്കെ കാറ്റിൽപറത്തിക്കൊണ്ട് പുറംവാതിലിൽക്കൂടിയുള്ള ചില പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ശ്രീ. ദേവസ്സിക്കുട്ടി അതിനെക്കുറിച്ച് ഇവിടെ വിശദീകരിച്ചതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചുള്ള എന്ത് കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാലും അതിൽ ഗവൺമെൻറിന് കൈകടത്തുവാൻ അവകാശമില്ലായെന്നുള്ള സമാധാനം ഇനി കേട്ടുകൊണ്ടിരിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് സമഗ്രമായ പൊളിച്ചെഴുത്ത് യൂണിവേഴ്സിറ്റി ബില്ലിൽ ആവശ്യമാണ്. അത് ബഹുമാനപ്പെട്ട ഗവൺമെൻറ് ഗൗരവപൂർവ്വം കണക്കിലെടു ക്കണം. എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

പുതിയ കോഴ്സ് അനുവദിക്കുന്നതിനെക്കുറിച്ച് പറഞ്ഞു. പുതിയ കോഴ്സ് അനുവദിക്കണമെങ്കിൽ ഗവേണിംഗ് ബോഡി കോൺ സ്റ്റിറ്റ്യൂട്ട് ചെയ്യണം എന്നെല്ലാം സർവ്വകലാശാല നിർബന്ധിക്കു ന്നുണ്ട്. സുപ്രീംകോടതി റദ്ദാക്കിയ ഒരു വകുപ്പ് പുറംവാതിലിൽ ക്കൂടി അടിച്ചേൽപ്പിക്കുന്നതിനുള്ള വ്യഗ്രതയാണ് കാണിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ഒരു കോളേജിൽ നിയമനം കിട്ടി മാസങ്ങൾ പലതുകഴിഞ്ഞാലും സർവ്വകലാശാലയുടെ അംഗീകാരം കിട്ടിയില്ലെങ്കിൽ അവർക്കു ശമ്പളം കിട്ടാത്ത സ്ഥിതി വിശേഷമുണ്ട്. എനിക്ക് അതിനെക്കുറിച്ച് നേരിട്ടറിയാവുന്നതാണ് മാനേജ്മെൻറും ഗവൺമെൻറും ഉണ്ടാക്കിയിട്ടുള്ള എഗ്രിമെൻറ് വ്യവ സ്ഥയനുസരിച്ച് കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത തിരഞ്ഞെ ടുപ്പ് നടത്തി, നിയമനം ലഭിച്ചിട്ടുള്ള അനേകം അദ്ധ്യാപകർക്ക് സർവ്വ കലാശാലയുടെ അംഗീകാരം കിട്ടാത്തതുമൂലം ശമ്പളം ലഭിക്കുന്നില്ലെന്നുള്ള ഒരുണസത്യം ഇന്നും അവശേഷിക്കുകയാണ്.

VII അനദ്ധ്യോഗികാംഗങ്ങളുടെ കാര്യം

(1) അനദ്ധ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അനദ്ധ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരി പ്പിക്കുന്നു.

10 a.m.]

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: അംഗീകരിച്ചിരിക്കുന്നു.

(2) 1979-ലെ കേരള കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബിൽ

Shri R.S. Unni: Sir, I introduce the Kerala cashew workers welfare Fund Bill, 1979.

ഈ ബില്ല് വളരെ കരുതലോടുകൂടിയും വളരെ പഠിച്ചും തയ്യാറാക്കിയിട്ടുള്ള ഒരു ബില്ലാണ്. ഈ ബില്ലിൽ ഉൾക്കൊള്ളുന്ന ആവശ്യം കശുവണ്ടി തൊഴിലാളികൾക്കു വെൽഫെയർ ഫണ്ട് സ്ഥാപിതമാക്കണമെന്നതാണ്. ഈ ആവശ്യം 1969 മുതൽ ഉന്നയിച്ചിട്ടുള്ളതാണ്. 1977-ൽ അന്നത്തെ വ്യവസായമന്ത്രി ഇന്നത്തെ മുഖ്യമന്ത്രി—വിളിച്ചു കൂട്ടിയ തൊഴിലാളി സംഘടനാ പ്രതിനിധി സമ്മേളനത്തിൽ ഇങ്ങനെയൊരു നിയമത്തിനു രൂപം നൽകാമെന്ന ഉറപ്പ് നൽകി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അദ്ദേഹം ഒരു ഉറപ്പു സഭയിൽ നൽകിയിരുന്നു; കഴിഞ്ഞ സമ്മേളനത്തിൽതന്നെ അവതരിപ്പിക്കുന്നതിനുവേണ്ടി ഒരു ബില്ല് ഞാൻ തയ്യാറാക്കിയിരുന്നു എന്ന്. അത് ഈ ബില്ല് തന്നെ ആണ്. അതു കൊണ്ട് അന്ന് ഞാൻ അത് അവതരിപ്പിച്ചില്ല. 1976-ൽ തൊഴിലാളികൾക്ക് 150 ദിവസത്തെ തൊഴിൽ കിട്ടിയിട്ടുണ്ട്. 1977-ൽ വെറും 100 ദിവസത്തെ ജോലി മാത്രമാണ് കിട്ടിയത്. ഈ വർഷം എത്ര ദിവസം ജോലി കിട്ടുമെന്നുള്ളത് തീർത്തും പറയാനൊക്കുകയില്ല. വളരെ കുറച്ചു ദിവസമേ കിട്ടുകയുള്ളൂ. അങ്ങനെ തൊഴിലാളികളുടെ സ്ഥിതി വളരെ മോശമാണ്. അൻപതു ദിവസത്തോളമെങ്കിലും ജോലി കിട്ടിയാൽ നന്നായിരിക്കും. അതിനു പല കാരണങ്ങളും ഉണ്ട്. അതൊന്നും ഈ അവസരത്തിൽ പറയുന്നില്ല. ഇത്തരത്തിലുള്ള രൂക്ഷമായ തൊഴിലില്ലായ്മ ഈ രംഗത്ത് അനുഭവപ്പെടുകയാണ്. അതുകൊണ്ട് അവർക്ക് എന്തെങ്കിലും ആശ്വാസം ഉണ്ടാക്കികൊടുക്കുകയെന്നുള്ളത് അത്യാവശ്യമാണ്. ഈ വ്യവസായത്തിൽ തൊഴിൽ കുറഞ്ഞു വരുന്നതിനെ സംബന്ധിക്കുന്ന കാരണങ്ങളെക്കുറിച്ച് കക്ഷിവ്യത്യാസം കൂടാതെ പ്രതിപക്ഷവും ഭരണപക്ഷവും ഒന്നിച്ചിരുന്ന് ഗൗരവതരമായി ആലോചിച്ചു പരിഹാരം കാണേണ്ട ഒരു പ്രശ്നമാണ്. അല്ലെങ്കിൽ പരമ്പരാഗതമായ ഈ വ്യവസായം നമുക്കു എന്നന്നേക്കുമായി നഷ്ടപ്പെടും. തൊഴിലാളികൾ പട്ടിണി കിടന്ന് നരകിക്കുകയാണ്. അതുകൊണ്ട് ഈ നിയമത്തിൽ ഉദ്ദേശിക്കുന്ന ആശ്വാസം തൊഴിലാളികൾക്ക് ലഭ്യമാക്കണം. തൊഴിലാളികൾക്ക് ജോലി കിട്ടുന്ന അവസരത്തിൽ അവരുടെ ശമ്പളത്തിൽ നിന്ന് ക്ലിപ്തമായ വിഹിതം പിടിക്കുക, മാനേജ്മെന്റ് അതിന്റെ ഇരട്ടി വിഹിതം കൊടുക്കുക, ഗവൺമെന്റിന്റെ ഒരു കോൺട്രിബ്യൂഷൻ ഉൾപ്പെടെയുള്ള ഒരു ഫണ്ടാണ് ഉദ്ദേശിക്കുന്നത്. ഈ വ്യവസായത്തിൽ നിന്ന് പർച്ചേസ് ടാക്സിനത്തിൽ കിട്ടുന്ന തുകയ്ക്ക് തുല്യമായ ഒരു തുകയാണ് ഗവൺമെന്റിന്റെ കോൺട്രിബ്യൂഷനായി ഉദ്ദേശിക്കുന്നത്. ഈ വ്യവസായത്തിന്റെ നിലനിൽപ്പും വളർച്ചയും ഈ രാജ്യത്തിന്റെ സാമ്പത്തിക ക്രമത്തെ ഗണ്യമായി സ്വാധീനിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന ഒന്നാണ്. വിദേശനാണ്യം ഗണ്യമായ തോതിൽ നേടുന്ന ഒരു വ്യവസായമാണ്. സർ, ഈ വ്യവസായത്തിൽ കൂടുതൽ തൊഴിൽ ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കാനായി ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. കശുമാവ് കൃഷി വികസിപ്പിക്കാനുള്ള പദ്ധതിയാണത്. കൃഷിക്കാർക്ക് അവരുടെ കൃഷി

LIBRARY ARCHIVES Kerala Legislative Assembly